A

# സമഗ്രശിക്ഷാ കേരളം
## വാർഷിക മൂല്യനിർണ്ണയം 2023-2024
## മലയാളം
## അടിസ്ഥാന പാഠാവലി

512

**ക്ലാസ് : 5** **സമയം: 2 മണിക്കൂർ**

### *നിർദേശങ്ങൾ*

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം. രണ്ടു മുതൽ ആറുവരെ പ്രവർത്തനങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

**പ്രവർത്തനം 1 വായിക്കാം എഴുതാം**

### അഴകനും പൂവാലിയും

*അഴകനു പന്ത്രണ്ടോ പതിമൂന്നോ വയസ്സു കാണും. കന്നുകാലി മേയ്ക്കുന്നവനാണ് അവൻ. ഒരു ദിവസം കാലത്തേ അഴകൻ പശുക്കളെയും കൊണ്ട് മേച്ചിൽസ്ഥലത്തേക്കു പുറപ്പെട്ടു. വളകൊമ്പി, കണ്ണമ്മ, പൂവാലി ഇങ്ങനെ മൂന്നു പശുക്കൾ.*

*വൈകുന്നേരത്തേ അഴകൻ തിരിച്ചു വരികയുള്ളു. ഉച്ചത്തേയ്ക്ക് ചോറും കറിയും ഓരോ ദിവസം ഓരോ വീട്ടിൽ നിന്നും കൊടുക്കും. അന്ന് ചോറു പൊതിഞ്ഞുകെട്ടി, ഒരു സഞ്ചി യിലിട്ടു. സഞ്ചി തോളിൽ തൂക്കി. അതിൽ ഒരു പിച്ചാത്തിയുണ്ട്. പിന്നെയൊരു ഈറ്റക്കു ഴലും.*

*കൈയിലിരിക്കുന്ന വടി ഓങ്ങിയും ചിലപ്പോൾ അതുകൊണ്ടു പശുക്കളുടെ പുറത്തു തട്ടിയും അവൻ അവയെ വേഗം നടത്തി.*

*" ഈ പശു എന്നോടു മേടിക്കുവേ". എന്നും മറ്റും ഇടയ്ക്ക് അവൻ പശുക്കളെ ശാസിച്ചു. അങ്ങനെ ഒരു നാഴിക അകലെയുള്ള നാടിമറ്റത്തിൽ എത്തി.*

*അതു വലിയ മൈതാനമാണ്. കൃഷിചെയ്യാതെ കിടക്കുകയാണ്. അങ്ങുമിങ്ങും മരങ്ങളുണ്ട്. ചിലത് ചെറുത്, ചിലത് വലുത്. അവിടവിടെ കുറ്റിക്കാടുകളുണ്ട്. ചെത്തി, കുരുക്കുത്തി, കദളി, കൂനൻപാല, പാണൽ ഇങ്ങനെ പലതരം ചെടികളുണ്ട്. വയറ, പാട, അമൃത് മുതലായ വള്ളികളുണ്ട്. ഇല്ലിയും ഈറ്റയും ഉണ്ട്. ആണ്ടിൽ ഏട്ടുമാസവും പശുക്കൾക്കു തിന്നാൻ ധാരാളം പുല്ലും കാണും.*

*കാരൂർ നീലകണ്ഠപ്പിള്ള*

1. അഴകന് ചോറും കറിയും ലഭിച്ചുകൊണ്ടിരുന്നത്.

   (സ്വന്തം വീട്ടിൽ നിന്നും, ഓരോ വീട്ടിൽ നിന്ന്, ഹോട്ടലിൽ നിന്ന് )

2. അഴകൻ ചോറുപൊതിയോടൊപ്പം സഞ്ചിയിൽ സൂക്ഷിച്ചത് എന്തൊക്കെ?

   (വടിയും പുല്ലും, വളകൊമ്പിയും കണ്ണമ്മയും പൂവാലിയും, പിച്ചാത്തിയും ഈറ്റക്കുഴലും)

3. നാടിമറ്റം എന്നാൽ

   (പുഴയാണ്, കുന്നാണ്, മൈതാനമാണ്)

4. നാടിമറ്റത്തിലെ പലതരം ചെടികളിൽ ഒന്ന്

(കുരുക്കുത്തി, പനിനീർ, സൂര്യകാന്തി)

5. അഴകന്റെ ജോലി എന്താണ്?

(പശുക്കളെ മേയ്ക്കുക, കൃഷി ചെയ്യുക, പുല്ലരിയുക)

**പ്രവർത്തനം 2 ഉപന്യാസം**

*ഒരു തൈ നടാം നമുക്കമ്മയ്ക്കു വേണ്ടി*
*ഒരു തൈ നടാം കൊച്ചുമക്കൾക്കു വേണ്ടി*
*ഒരു തൈ നടാം നൂറു കിളികൾക്കു വേണ്ടി*
*ഒരു തൈ നടാം നല്ല നാളേയ്ക്കു വേണ്ടി*

(സുഗതകുമാരി )

സുഗതകുമാരിയുടെ കവിത വായിച്ചില്ലേ. 'എങ്ങുപോയി' എന്ന പി. കുഞ്ഞിരാമൻ നായരുടെ കവിതയിൽ പ്രകൃതി മനുഷ്യനോട് കാണിക്കുന്ന സ്നേഹത്തെക്കുറിച്ച് വിശദമാക്കുന്നുണ്ട്. പ്രകൃതി മനുഷ്യന് നൽകുന്ന സൗഭാഗ്യത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.

**പ്രവർത്തനം 3 (എ) അനുഭവക്കുറിപ്പ്**

എം.ടി.യുടെ വിഷുവിനെക്കുറിച്ചുള്ള ഓർമ്മകൾ നമ്മൾ പഠിച്ചിട്ടുണ്ട്. നിങ്ങളും പല ആഘോഷങ്ങളിൽ പങ്കെടുത്തിട്ടുണ്ടല്ലോ?

ഏതെങ്കിലും ഒരു ആഘോഷാനുഭവത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

ബി. വിഷുക്കാലത്തെ പ്രധാന ആഘോഷം എന്ത്?
(പടക്കം പൊട്ടിക്കുക, പൂക്കളം ഒരുക്കുക, പാട്ട് പാടുക)

**പ്രവർത്തനം 4 പോസ്റ്റർ**

*പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ഇഴയടുപ്പം ഭൂമിയുടെ നിലനിൽപ്പിന് അനിവാര്യമാണ്. എന്നാൽ പ്രകൃതി ചൂഷണത്തിന്റെ ഭാഗമായി വെള്ളപ്പൊക്കം, കാലാവസ്ഥാവ്യതിയാനം, ജലദൗർലഭ്യം എന്നിങ്ങനെ വിവിധ പ്രശ്നങ്ങൾ നാം അനുഭവിക്കുന്നുണ്ട്.*

പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പരിസ്ഥിതിദിനത്തിൽ സ്കൂളിൽ പ്രദർശിപ്പിക്കുന്നതിനുള്ള പോസ്റ്റർ തയ്യാറാക്കുക.

**പ്രവർത്തനം 5 ജീവചരിത്രക്കുറിപ്പ്**

താഴെപ്പറഞ്ഞിരിക്കുന്ന സൂചകങ്ങളും നിങ്ങൾക്കറിയുന്ന കാര്യങ്ങളും ചേർത്ത് പി.കുഞ്ഞിരാമൻ നായരുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക




**പ്രവർത്തനം 6 (എ) വിശകലനക്കുറിപ്പ്**

ശ്രീനാരായണഗുരുവചനങ്ങളെ നിങ്ങൾക്കു പരിചയമില്ലേ. ചുവടെ ചേർത്തിരിക്കുന്നത് ശ്രദ്ധിക്കൂ.

| |
|---|
| 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി,' |
| 'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' |

ശ്രീനാരായണഗുരുവചനങ്ങളെ, മഴവില്ല് വരയ്ക്കുന്നവർ എന്ന പാഠഭാഗത്തെ ആശയവുമായി ബന്ധപ്പെടുത്തി ഒരു വിശകലനക്കുറിപ്പ് തയ്യാറാക്കുക.

**ബി.** ഭൂമിയിൽ മഴവില്ല് വരയ്ക്കുന്നവർ ആരാണ്?
(കുട്ടികൾ, മുതിർന്നവർ, പക്ഷികൾ)